# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊഴുതന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)-പി1-1018/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 28/12/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊഴുതന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-20 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)-പി1-1018/2022 തീയ്യതി: 28/12/2022

## വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഒ.കെ.അഗസ്റ്റ്യൻ | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 05-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 05-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രശാന്ത് .സി.വി. ഓഡിറ്റ് ഓഫീസർ

ബിന്ദു .കെ.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അലി അക്ബർ .കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

വിപിൻ ചന്ദ്രൻ .എം.ടി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനസ് റോസ്ന സ്റ്റെഫി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹേമലത എം ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഹനീ ഫ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.സുഷമ പി | മെഡിക്കൽഓഫീസർ.എഫ്.എസ്.സി | 01-04-2021 | 31-03-2022 |
| ഡോ .ഹരിശങ്കർ | മെഡിക്കൽഓഫീസർ.ആയുർവ്വേദം | 01-04-2021 | 31-03-2022 |
| രജനികാന്ത് | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ | 01-04-2021 | 31-03-2022 |
| ധന്യ വി .വി | കൃഷിഓഫീ സർ | 01-04-2021 | 11-02-2022 |
| പൌലോസ് ടി .പി | കൃഷിഓഫീ സർ | 12-02-2022 | 31-03-2022 |
| ഉഷ കെ .കെ | ഐ.സി.ഡി .എസ്സ സൂപ്പർവൈ സർ | 01-04-2021 | 31-03-2022 |
| റബ്ബി മാത്യു | മെഡിക്കൽഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ബി ജു കെ .ജെ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| വിഷ്ണു ടി .സി | അസിസ്റ്റന്റ് എഞ്ചിനി യർ | 01-04-2021 | 31-03-2022 |
| ജോൺസൺ ഡിസിൽവ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീഷിത .എസ്.ജി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ആഷിഖ് ബാബു | സബ്ബ്ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം ( ACR)പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമല്ല | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-11 |
| 12 | റീകൺസിലിയേഷൻ നടത്തിയിട്ടില്ല | 1-11-1 |
| 13 | ACR-ഉം വാർഷികകണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല. | 1-11-2 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12-1 |
| 15 | തൊഴിൽ നികുതി-രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-12-2 |
| 16 | വരവിനങ്ങളുടെ ഡിമാന്റിൽ വ്യത്യാസം-പഞ്ചായത്തിന്റെ വരുമാനങ്ങൾ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല. | 1-13 |
| 17 | ILGMS – പൂർണ്ണമായും പ്രവർത്തനക്ഷമമായില്ല. | 1-14 |
| 18 | പട്ടികജാതി വിഭാഗക്കാർക്കുള്ള ലൈഫ് ഭവന നിർമ്മാണം- തുക അധികം നൽകി | 1-15 |
| 19 | ലൈഫ് ഭവനനിർമ്മാണം- വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ടി.ഡി.എസ്.പിടിച്ചത് സർക്കാരിലേക്ക് അടച്ചിട്ടില്ല. | 1-17 |
| 21 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- E Tender ഫോറം വില അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-18 |
| 22 | ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നില്ല. | 1-19 |
| 23 | ധനസ്ഥിതി പരിഗണിക്കാതെ എടുത്ത വായ്പ ബാദ്ധ്യതയായി മാറുന്നു | 1-20 |
| 24 | ഊരംകുന്ന്,വയനാംകുന്ന് കുടിവെള്ളപദ്ധതിക്കായി തുക നല്കിയത്-നിലവിലെ സ്ഥിതി വ്യക്തമല്ല | 1-21 |
| 25 | ജീവനം പദ്ധതി-വിശദമായ വിനിയോഗരേഖകൾ ലഭ്യമല്ല | 1-22 |
| 26 | വിവിധ ഏജൻസികൾക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ | 1-23 |

| | | |
|---|---|---|
| | ലഭ്യമല്ലാത്തതും മറ്റ് അപാകതകളും | |
| 27 | സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആർജ്ജിതാവധി കൈപ്പറ്റി | 1-24 |
| 28 | പ്രസിഡന്റിന് താമസസ്ഥലത്തുനിന്നും പഞ്ചായത്തിലേക്ക് വരുന്നതിന് വാടക നല്കിയത് അനുവദനീയമല്ല | 1-25 |
| 29 | വനിതകൾക്ക് ആടുവിതരണം-പദ്ധതി ഫലപ്രദമായി നിരീക്ഷിക്കപ്പെടുന്നില്ല | 1-26 |
| 30 | പട്ടികവർഗ്ഗവനിതകൾക്ക് പശുക്കളെ വിതരണം-പദ്ധതി ഫലപ്രദമായി നിരീക്ഷിക്കപ്പെടുന്നില്ല | 1-27 |
| 31 | പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി-പദ്ധതിയിൽ നിന്ന് പുറത്തായവരിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കിയില്ല | 1-28 |
| 32 | അത്തിമല കോളനി കുടിവെള്ള പദ്ധതി - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. | 1-29 |
| 33 | അഞ്ചാം നമ്പർ കോളനി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. | 1-30 |
| 34 | കാട്ടേരിക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. | 1-31 |
| 35 | ഇടിയംവയൽ വായനശാല അറ്റകുറ്റപണി - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി. | 1-32 |
| 36 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് - തുക അധികം നൽകി | 1-33 |
| 37 | അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ട് വകമാറ്റി ചെലവഴിച്ചു. | 1-34 |
| 38 | ക്വട്ടേഷൻ ഇല്ലാതെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നൽകി. | 1-35 |
| 39 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല - പദ്ധതി ലക്ഷ്യം കണ്ടില്ല - ₹ 3,00,000.00 തടസ്സപ്പെടുത്തുന്നു. | 1-36 |
| 40 | സബ്. ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. | 1-37 |
| 41 | സാമൂഹ്യസുരക്ഷാ പെൻഷൻ- ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു. | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അത്തിമല കോളനി കുടിവെള്ള പദ്ധതി - ടെണ്ടർ കുറവ് | 3-1 |
| 2 | അഞ്ചാം നമ്പർ കോളനി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. | 3-2 |
| 3 | കാട്ടേരിക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. | 3-3 |
| 4 | സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആർജ്ജിതാവധി കൈപ്പറ്റി | 3-4 |
| 5 | പ്രസിഡന്റിന് താമസസ്ഥലത്തുനിന്നും പഞ്ചായത്തിലേക്ക് വരുന്നതിന് | 3-5 |

| | | |
|---|---|---|
| | വാടക നല്കിയത് അനുവദനീയമല്ല | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27/07/2021തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.02.2021 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,50,20,105 |
| വരവ് | 7,99,72,133 |
| ആകെ | 9,49,92,238 |
| ചെലവ് | 7,73,05,249 |
| നീക്കിയിരിപ്പ് | 1,76,86,989 |

### 1-4 ഫണ്ട് വിനിയോഗം ( ACR)പ്രകാരം

സ.ഉ. (കൈ)നം.16/2021/ത.സ്വ.ഭ.വ. തീയതി 23.01.2021 പ്രകരമുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാന്റ് വിനിയോഗങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 15138093 | 15138093 | 14861583 | 276510 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 3556132 | 3556132 | 3556132 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-<br>ടി.എസ്.പി (ACR പ്രകാരം) | | 9707220 | 9707220 | 7852939 | 1854281 |
| മെയിന്റനൻസ്,<br>റോഡ് (ACR പ്രകാരം) | | 7296000 | 7296000 | 6682051 | 613949 |
| മെയിന്റനൻസ്,<br>നോൺ-റോഡ് (ACR പ്രകാരം) | | 6972083 | 6972083 | 3944636 | 3027447 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 13383328 | 13383328 | 6377770 | 7005558 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 494838 | 8213000 | 8707838 | 7616597 | 1091241 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 130099358 | 105 | 59000857 | 39 | 21 | 45.35 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 5 | 2486875 | 726718 | 29.22 |

| | | | | | |
|---|---|---|---|---|---|
| വെറ്റിനറി സർജ്ജൻ | 8 | 7 | 5526250 | 3422704 | 61.94 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 6 | 6 | 1816000 | 1521217 | 83.77 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 50000 | 7654 | 15.31 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 650000 | 650000 | 100 |
| സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ് | 3 | 2 | 3671600 | 189834 | 5.17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 7 | 58856431 | 16780000 | 28.51 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 6947277 | 5400420 | 77.73 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 30 | 23 | 13870872 | 9666947 | 69.69 |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി സ്കൂൾ | 6 | 5 | 1157000 | 809388 | 69.96 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 123 | 77 | 33273085 | 19682245 | 59.15 |
| അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 2 | 2 | 293968 | 143730 | 48.89 |
| ഡയറി ഫാം ഇൻസ്പെകടർ | 1 | 0 | 1500000 | 0 | 0 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 466886.50 | 3200071 | 366957.5 | 3414630 | 252327.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 65708313 | | 65708313 | -- |
| മെറ്റീരിയൽസ് | | 12466104.73 | | 12333460.73 | 132644 |

വാർഷിക കണക്കിൽ വരവായി കാണിച്ചത് 1644723 രൂപയാണ്. ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചത് 384971 രൂപയാണ്. കണക്കുകളിലെ വൈരുദ്ധ്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 2497200 | 160 |
| വിധവാപെൻഷൻ | 14477600 | 942 |
| വാർദ്ധക്യകാലപെൻഷൻ | 20013600 | 1525 |
| വികലാംഗപെൻഷൻ | 3257200 | 216 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | - | - |

## 1-8 ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമല്ല

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധാനസമയത്ത് വിലയിരുത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല.

2)വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം (തീരുമീനം നമ്പർ 2/2 തീയതി 17.05.2021) എടുത്തിരുന്നെങ്കിലും നാളിത് വരേ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ തുടർ നടപടികൾ സ്വീകരിക്കികയോ ചെയ്തിട്ടില്ല.

3)തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കി ഓഡിറ്റിന് പര്യപ്തമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

4)തനത് വരുമാനം വളരെ കുറഞ്ഞ പൊഴുതന ഗ്രാമപഞ്ചായത്തിൽ വരുമാന വർദ്ധനവിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്ബാലൻസായ 110 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2022 To 30.05.2022 | 2021-22 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 | 2005/06-2009/10 | 11.01.2011 |

## 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 05.07.22തിയ്യതിയിലെ 01/02 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്ക് ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയത്. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാർഷികകണക്ക് പരിശോധിച്ചതിൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Gross Surplus Of Income Over Expenditure 10316365 രൂപ കാണിച്ചിട്ടുണ്ട്.എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആണ് വരുന്നത്.

| ഇനം | തുക |
|---|---|
| ക്യാഷ് & ബാങ്ക് ബാലൻസ്(B-17) | 17,686,989 |
| Add | |
| ലോൺസ് അഡ്വാൻസ് & ഡെപോസിറ്റ് (B-18) | 1,377,095 |
| Add | |
| കിട്ടാനുള്ള തുകകൾ(B-15) | 1,456,749 |

| | |
|---|---|
| | 20,520,833 |
| Less | |
| ഗ്രാന്റ്സ്, ഫണ്ട്സ്& കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക്ക് പർപ്പസസ്(B4) | 24,551,728 |
| ഡെപ്പോസിറ്റ്സ് റിസീവ്ഡ്(B-7) | 1,087,530 |
| അദർ ലൈബിലിറ്റീസ്(B-9) | 2,817,389 |
| | (-)1,729,859 |

എന്നാൽ പഞ്ചായത്തിന്റെ യഥാർഥ ധന സ്ഥിതി വെളിവാക്കുന്ന രീതിയിലല്ല വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. Income And Expenditure Statement, Balance Sheet എന്നിവ പൊരുത്തപ്പെടുന്നില്ല.

2.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2020-21 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 2500078

2021 -22 വർഷം വരവ് (ആർ.പി 30 പ്രകാരം) 320100121 -770663

ആകെ - 3270741

ചെലവ് (ആർ.പി 30 പ്രകാരം) - 0

നീക്കിയിരുപ്പ് വേണ്ടത് - 3270741

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 2846024

ICDS ഉൾപ്പെടെയുള്ള B4 ഷെഡ്യൂളിലെ നീക്കിയിരിപ്പ്-24,551,728 രൂപയാണ്.

എന്നാൽ ഈ തുകകൾ ക്രഡിറ്റ് ചെയ്യുന്ന കേരള ഗ്രാമീണബാങ്കിലെ അക്കൗണ്ട് നമ്പർ-40229100106499 ലെ 31.03.22 ലെ നീക്കിയിരിപ്പ് 2,125,675 രൂപ മാത്രമാണ്.തനതുഫണ്ട് ഉൾപ്പെടെയുള്ള ബാലൻസ് 2,125,675 രൂപയാണെന്നിരിക്കെ വിവിധ ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ അതാത് ആവശ്യങ്ങൾക്കല്ലാതെ വകമാറ്റി ചെലവഴിക്കുന്നു എന്ന് വ്യക്തമാണ്.

4. B4 ഷെഡ്യൂളിലെ നീക്കിയിരിപ്പ്-24,551,728 രൂപ ഉണ്ടെങ്കിലും ഈ ഫണ്ടുകളുടെ ACR സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 30253596 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ ഇല്ലാത്ത ആസ്തി ഉൾപ്പെടുത്തുന്നത് മൂലം വാർഷിക കണക്കിൽ ആസ്തി ബാധ്യത കണക്കുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല.

6.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

7.വാർഷികകണക്കിൽ Outdoor Control Account ആയി 111494 രൂപ കാണിച്ചത് എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

8. ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം ബാദ്ധ്യതയായി കാണിച്ചിരിക്കുന്ന ലോൺ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് കോഡ് | ഇനം | തുക |
|---|---|---|
| 330500102 | സെക്യൂവേഡ് ലോൺ ഫ്രം കോ ഓപ്പറേറ്റീവ് ബാങ്ക് | 1,01,76,575 |
| 330500201 | സെക്യൂവേഡ് ലോൺ ഫ്രം KURDFC | 20,077,021 |

2020-21 വർഷത്തെ ബി-5 ഷെഡ്യൂൾ പ്രകാരവും കോപ്പറേറ്റീവ് ബാങ്കിൽ അടക്കാനുണ്ടായിരുന്നതായി കാണിച്ചിരിക്കുന്നത് 10,176,575 രൂപയാണ്.ഈ അക്കൗണ്ടിലും അത്രതന്നെ തുക അടക്കാനുള്ളതായി കാണുന്നു.ലോൺ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് അടക്കുന്ന തുകകൾ പലിശയിനത്തിൽ ബാങ്ക് വരവ് വെക്കുന്നതായികാണുന്നു. 31.03.22 ൽ പഞ്ചായത്ത് മുതലിനത്തിൽ 12043679 രൂപ അടക്കാനുണ്ടെങ്കിലും വാർഷിക

കണക്കിൽ ഇത് കാണിച്ചിട്ടില്ല.

9.KURDFC വായ്പ സംബന്ധിച്ച രേഖകളോ ,രജിസ്റ്ററോ ഹാജരാക്കാത്തതിനാൽ വായ്പാ വിവരത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇവ പരിശോധിക്കാൻ സാധിച്ചിട്ടില്ല

11.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

12.സെക്യേർഡ് ലോൺ -സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

13.Liability In Respect Of Stale Cheque എന്ന ശീർഷകത്തിലുള്ള കാലാവധി കഴിഞ്ഞ ചെക്കുകൾ വരുമാനത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

14.കിട്ടാനുള്ള തുകകൾ പൂർണ്ണമായും വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
ഉദാ: ഇ ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ തുക. ഈ തുക LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടില്ല.

15.വാർഷികകണക്കുകളിലെ വരവിനങ്ങൾ പരിശോധിച്ചതിൽ തൊഴിൽനികുതി (വ്യാപാരികൾ )ഡിമാന്റും കളക്ഷനും 256900 രൂപയാണ്. എന്നാൽ ജേർണലുകൾ പരിശോധിച്ചതിൽ 31.03.22 ന് 42100768 നമ്പർ ആയി ഡിമാന്റ് നൽകുകയാണ് ചെയ്തിട്ടുള്ളത്.അതായത് കളക്ഷൻ തന്നെ ഡിമാന്റ് ആയി കാണിക്കുകയാണ് ചെയ്തത്.

16.സ്ഥാപനതൊഴിൽനികുതിയിനത്തിലും ഡിമാന്റും കളക്ഷനും 77100 രൂപയാണ്.എന്നാൽ ജേർണലുകൾ പരിശോധിച്ചതിൽ 31.03.22 ന് 42100773 നമ്പർ ആയി ഈയിനത്തിൽ ഡിമാന്റ് നൽകുകയാണ് ചെയ്തിട്ടുള്ളത്.അതായത് കളക്ഷൻ തന്നെ ഡിമാന്റ് ആയി കാണിക്കുകയാണ് ചെയ്തത്.

17.D &O ലൈസൻസ്,ഉദ്യോഗസ്ഥരുടെ തൊഴിൽനികുതി എന്നീയിനങ്ങളിൽ വാർഷികകണക്കുകളിലെ കണക്കുകളും രജിസ്റ്റർ പ്രകാരമുള്ള വരവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്കുപ്രാരം | | രജിസ്റ്റർപ്രകാരം | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| D &O ലൈസൻസ് | 220550 | 218550 | 228450 | 228450 |
| ഉദ്യോഗസ്ഥരുടെ തൊഴിൽനികുതി | 687540 | 666040 | 687540 | 687540 |

18.വാടക,വസ്തുനികുതി എന്നിവയിലെല്ലാം 31.03.22 ന് ജേർണൽ എൻട്രി നടത്തി ഡിമാന്റുകൾ അഡ്ജസ്റ്റ് ചെയ്തതായി കാണുന്നു.എന്നാൽ ഇവക്കൊന്നും കൃത്യമായ വിവരണം നൽകിയിട്ടുമില്ല.

19.വസ്തുനികുതിയിനത്തിൽ സഞ്ചയസോഫ്റ്റ് വെയറിലെ കണക്കുകളും വാർഷികകണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്കുപ്രാരം | | സഞ്ചയപ്രകാരം | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| വസ്തുനികുതി | 3352373 | 3111603 | 3521780 | 3442251 |

20.ബി.4, ബി17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

21.കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല
എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം വിവിധ പ്രവൃത്തികളുടെ

മൂല്യമായി 4365681രൂപ കരാറുകാർക്ക് നൽകാനുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൽപ്പെടുത്തിയിട്ടില്ല.

22.മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി , ഭരണ ചെലവുകൾക്ക് ലഭിച്ച രൂപ വാർഷിക കണക്കിൽ വരവിനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

23.പാർട്ട് ബിൽ ആയി നൽകിയ തുകയുടെ പൂർണ്ണ വിവരം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല-

24.ജി.ഒ,പ്രൊജക്ടുകളുടെ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

25.B-9 ഷെഡ്യൂൾ അക്കൗണ്ട് കോഡ് 350400399 അക്കൗണ്ട് ശീർഷകത്തിൽ അദർ ഫീസിനത്തിൽ 2017 മുതൽ 35,727/- രൂപ തിരികെ കൊടുക്കാനുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 79, KFC Vol. I Article 282 എന്നിവ പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

26.ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് റിസീവ്ഡ് ഇനത്തിൽ 9,21,250/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുക 1993-94 വർഷം മുതൽ വിവിധയിനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളാണെന്ന് ലഭ്യമാക്കിയ രേഖകളിൽ കാണുന്നു.ഇതിൽ കരാറുകാരുടെ EMD ഇനത്തിൽ 1996-97 വർഷം ലഭിച്ച 210,000/-രൂപയും ഉൾപ്പെടുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതായിരുന്നു.

27.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ,ചുണ്ടേൽ 36878162626 അക്കൗണ്ടിൽ വിവിധ വരവിനങ്ങളിൽ മൂന്ന് മാസത്തിലധികമായി ഡെപ്പോസിറ്റ് ചെയ്ത 49097/- രൂപയുടെ ചെക്കുകൾ പണമായി മാറാനുണ്ട്.

28.എം.എൻ.ആർ.ഇ.ജി.എ യ്ക്ക് നൽകിയ അഡ്വാൻസ് തുക- രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

എം.എൻ.ആർ.ഇ.ജി.എ യിലെ കണക്ക് പ്രകാരം എം.എൻ.ആർ.ഇ.ജി.എ അഡ്വാൻസ് ഇനത്തിൽ 3,803,598രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ എം എൻ ആർ ഇ ജി എ അഡ്വാൻസ് ഇനത്തിൽ ( അക്കൗണ്ട് ശീർഷകം 460500801) 1,377,095/- രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ.

29.കേരളഗ്രാമീണബാങ്കിലെ തനതുഫണ്ട് അക്കൗണ്ട് 40229100107029 ന്റെ റീകൺസിലിയേഷൻ പരിശോധിച്ചതിൽ തുകകൾ ആവർത്തിച്ചുവരുന്നത് എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

30.മുൻകൂർ രജിസ്റ്റർ എഴുതിപൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ വാർഷികകണക്കുകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.
31.സ.ഉ. (കൈ) നം. 16/2021/ത.സ്വ.ഭ.വ. തീയതി 23.01.2021 പ്രകരമുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാന്റ് വിനിയോഗങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08 തീയതി 01.11.2022 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-11-1 റീകൺസിലിയേഷൻ നടത്തിയിട്ടില്ല

എല്ലാ അക്കൗണ്ടുകളുടെയും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

| ക്രമ.നം | അക്കൗണ്ട് നമ്പർ | RP 40(b) പ്രകാരമുള്ള ബാലൻസ് |
|---|---|---|
| 1 | Other Coperative Bank<br>2001007472 | 33786 |
| 2 | Other Coperative Bank | 46596 |

| | | |
|---|---|---|
| | 3576 | |
| 3 | Other Coperative Bank<br>4750 | 166787 |
| 4 | Canara Bank,Vythiri<br>0358101080680 | ബാലൻസ് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല |
| 5 | Subtreasury,Vythiri<br>799011400003083 | 873839 |

ഓഡിറ്റ് എൻക്വയറി നം. 08തീയതി 01.11.2022 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-11-2 ACR-ഉം വാർഷികകണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിലെ തുകകളും എ.സി.ആർ പ്രകാരമുള്ള വരവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് | എ.സി.ആർ |
|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 9861000 | 9880128 |
| CFC-tied | 1053493 | 8476000 |
| CFC-Basic | 1077076 | 4907328 |

ഓഡിറ്റ് എൻക്വയറി നം. 19തീയതി 02.11.2022 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2021-22 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 20 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഇവരിൽ നിന്ന് താഴെ ചേർത്തിരിക്കുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം | വ്യക്തി | ഒന്നും രണ്ടും അർദ്ധവർഷം |
|---|---|---|
| 1 | ഗംഗാധരൻ കെ | 2500 |
| 2 | മുബഷീർ മുബാറക്ക് പി | 2500 |
| 3 | ഉബൈദ് പി | 2500 |
| 4 | സെയ്തലവി വി പി | 2500 |
| 5 | ഷിഹാബ് കെ കെ | 2500 |
| 6 | അബ്ദുൾ സജീർ | 2500 |
| 7 | രവിചന്ദ്രൻ ആർ | 2500 |
| 8 | അബ്ദുൽ കരീം.പി.കെ | 2500 |
| 9 | സിദ്ധീഖ് കെ കെ | 2500 |
| 10 | രൂപൻ രാജേഷ് | 2500 |

| | | |
|---|---|---|
| 11 | മജീദ്.പി. | 2500 |
| 12 | അമൽ.കെ.ഉണ്ണികൃഷ്ണൻ | 2500 |
| 13 | അബ്ദുൽ സലാം.എം.പി | 2500 |
| 14 | റഹ്മാൻ.കെ | 2500 |
| 15 | അബ്ദുൽ ഗഫൂർ | 2500 |
| 16 | ജി.അബ്രഹാം | 2500 |
| 17 | സാജിദ് പക്കട | 2500 |
| 18 | മുഹമ്മദ്.പി.എ | 2500 |
| 19 | അബ്ദുൽ റഹ്മാൻ | 2500 |
| 20 | ദേവദാസ് കെ.പി. | 2500 |
| ആകെ | | 50000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.7/31.10.22 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കരാറുകാർക്ക് തൊഴിൽ നികുതി ഈടാക്കുന്നുള്ള കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് .
കരാറുകാരിൽ നിന്നുമുള്ള തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-2 തൊഴിൽ നികുതി-രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

സ്ഥാപന തൊഴിൽ നികുതി,വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവയുടെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.അക്കൗണ്ടിങ് സെക്ഷനിൽ നിന്നും ലഭിക്കുന്ന ജേർണൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത് . **മേൽ** അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിററ് എൻക്വയറി നം. 7/31.10.22 ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ല എന്നറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വരവിനങ്ങളുടെ ഡിമാന്റിൽ വ്യത്യാസം-പഞ്ചായത്തിന്റെ വരുമാനങ്ങൾ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല.

പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഡിമാന്റ് വിവരങ്ങൾ പരിശോധിച്ചതിൽ മുൻവർഷത്തെ ഡിമാന്റിനെക്കാൾ വ്യത്യാസപ്പെട്ട് ഈ വർഷം ഡിമാന്റ് ചെയ്തതായി കാണുന്നു.

വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡിമാന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2020-21 | 2021-22 |
|---|---|---|
| Property Tax On Residential Buildings | 1182043 | 1259643 |
| Property Tax On Non Residential Buildings | 2138857 | 2092730 |
| ProfessionTax -Institutions | 29225 | 77100 |
| Profession Tax-Employees | 712220 | 687540 |
| Profession Tax-traders | 171650 | 256900 |
| Rent From Buildings | 200608 | 205608 |

| | | |
|---|---|---|
| Rent From Auditoriums And Halls | 9000 | 14000 |

ഓരോയിനത്തിലും ഡിമാന്റിൽ വ്യത്യാസം വരാനുള്ള കാരണം ഓഡിറ്റ് എൻക്വയറി നം.18 തീയതി 02.11.2022 പ്രകാരം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്തിന്റെ വരുമാനം പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ILGMS – പൂർണ്ണമായും പ്രവർത്തനക്ഷമമായില്ല.

തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1.പൊഴുതന ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 2020-21ന് തുടങ്ങിയെങ്കിലും ILGMS ലേക്ക് മാറുന്നതിന് മുൻപ് സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.നിലവിലും ILGMS-ൽ വാർഷികകണക്കുകൾഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല.ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവയിൽ നൽകി വന്നിരുന്ന സേവനങ്ങൾമാത്രമാണ് ഐ.എൽ.ജി.എം.എസ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്. ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്ററ് മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളു. ഓട്ടോ ജനറേറ്റഡ് സോഫ്റ്റ് വെയറിനുണ്ടാകേണ്ട നിയന്ത്രണങ്ങൾ ഈ സോഫ്റ്റ് വെയറിനില്ല.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവ് വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നേരിട്ട് ലഭിക്കുന്നില്ല. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഐ.കെ.എം ന്റെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്ത് ദീർഘ നാളുകൾക്ക് ശേഷം ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടുകളിലേക്ക് ഐ.കെ.എം നൽകുന്നു. ഇത്തരത്തിൽ തുക ലഭിക്കാതെ തന്നെ വരവായി അക്കൗണ്ടുകളിൽ ലഭിച്ചതായി രേഖപ്പെടുത്തേണ്ടി വരുന്നു. ഈ ഇനത്തിൽ ലഭിക്കേണ്ട തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ , ചെക്ക് ഇഷ്യൂരജിസ്റ്റർ, ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ്രജിസ്റ്റർ,ലോൺരജിസ്റ്റർ,അപ്രോപ്രിയേഷൻകൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ, കണ്ടിജന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ , നികുതി, നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7.Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ

കിട്ടുന്നില്ല. കൂടാതെ ഒരു പേമെന്റ് വൗച്ചർ തയ്യാറാക്കി നൽകിയതിന് ശേഷം പേമെന്റ് നടത്താതിരുന്നാൽ പ്രസ്തുത തുക ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Directly Credited By Bank" കൂടാതെ വരവ് ഇനങ്ങൾ "Directly Debited By Bank" എന്നമാണ് രേഖപ്പെടുത്തുന്നത്. ഇത് തെറ്റായ രീതിയാണ്. പേമെന്റ് വൗച്ചർ തയ്യാറാക്കിയതിന് ശേഷം പേമെന്റ് നടത്താത്ത വൗച്ചറുകളുടെ ലിസ്റ്റ് നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല.

8.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,മെസ്സേജ് ബുക്ക്,സ്റ്റാറ്റസ് റിപ്പോർട്ട്

9.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻ കഴിയുന്നില്ല.

10.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11.ഡേ ബുക്ക് റിപ്പോർട്ട്സ്

മേൽ റിപ്പോർട്ട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തിരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവിധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ

ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിയവരുടെയും , മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തു നികുതി ഡമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ILGMS സോഫ്റ്റ് വെയറിൽ വസ്തു നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ല.. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി സംബന്ധമായ അംഗീകാരം ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ട സംവിധാനങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിനാൽ തന്നെ ഇതിന്റെ പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നു.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസറ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക്

രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തുന്നതിനുള്ള

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

23.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഡിമാന്റ് ഇല്ലാതെ തന്നെ പണം സ്വീകരിക്കാൻ സാധിക്കുന്നു.

അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന നികുതി നികുതിയേതര വരുമാനങ്ങൾ വാർഷികാരംഭത്തിൽ തന്നെ ഡിമാന്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ സോഫ്റ്റ് വെയറിൽ ഡിമാന്റ് ഇല്ലാതെ തന്നെ തുക സ്വീകരിച്ച് വർഷാവസാനം ഡിമാന്റ് ജേർണൽ എൻട്രി മുഖേന ഡിമാന്റ് ചെയ്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു.

ഉദാഹരണമായി 31/03/2022ന് പല ഡിമാന്റുകളും നൽകിയതായി ജേർണൽ റിപ്പോർട്ടിൽ വ്യക്തമാണ്.

അതായത് ഏത് സമയത്തും യുക്താനുസരണം ക്രമീകരണങ്ങൾ വരുത്താവുന്ന നിലയിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത് എന്നാണ്.

24.മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് എന്നിവ തൻവർഷം ഡിമാന്റ് ചെയ്യുന്നതിന് ജേർണൽ എൻട്രി രേഖപ്പെടുത്തേണ്ടി വരുന്നു.

മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ്, ബാധ്യത തുടങ്ങിയവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ഡിമാന്റ്, ബാധ്യത, നീക്കി ബാക്കി ഇനത്തിൽ ഓട്ടോ ജനറേറ്റഡ് ആയി വരേണ്ടത് ഒരു സോഫ്റ്റ് വെയറിന്റെ കൃത്യതക്ക് അനിവാര്യമാണ്. ഈ സോഫ്റ്റ് വെയറിൽ മേൽ പറഞ്ഞവ ഉദ്യോഗസ്ഥരോ, ഐ.കെ.എം ജീവനക്കാരോ നേരിട്ട് ജേർണൽ എൻട്രി വഴി തൻവർഷത്തെ കണക്കിൽ ഉൾപ്പെടുത്തുന്നു. ഇത് കൃത്യമല്ലാത്ത കണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 9 തീയതി 01.11.2022 പ്രകാരം വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-15 പട്ടികജാതി വിഭാഗക്കാർക്കുള്ള ലൈഫ് ഭവന നിർമ്മാണം- തുക അധികം നൽകി

ലൈഫ് മിഷൻ ( പട്ടികജാതി ) ഭവന നിർമ്മാണപദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് അർഹമായതിലും അധികം തുക നൽകി.വിശദവിവരം ചുവടെ കൊടുക്കുന്നു

പ്രോജക്ട് നമ്പർ-48/22

ഫണ്ട്-വകയിരുത്തിയത്-

വികസനഫണ്ട് എസ്.സി.പി-1820000

സംസ്ഥാനാവിഹിതം-5000000

ബ്ലോക്ക് പഞ്ചായത്ത്-1000000

ജില്ലാപഞ്ചായത്ത്-2000000

മറ്റുള്ളവ-10000000

ആകെ-19820000

ചെലവഴിച്ചത്-

വികസനഫണ്ട് എസ്.സി.പി-1820000

സംസ്ഥാനാവിഹിതം-2150000

ബ്ലോക്ക് പഞ്ചായത്ത്-760000

ജില്ലാപഞ്ചായത്ത്-720000

മറ്റുള്ളവ-2440000

ആകെ-7890000

നിർവഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗുണഭോക്താവ്- ഉഷ രാമസ്വാമി,പാറക്കുന്നു,പൊഴുതന

ഗുണഭോക്താവിന് താഴെപ്പറയുന്ന രീതിയിൽ തുക അനുവദിച്ചിട്ടുണ്ട്.

| തീയതി | ഇനം | തുക |
|---|---|---|
| 24.07.20 | വികസനഫണ്ട് | 40,000 |
| 18.01.21 | വികസനഫണ്ട് | 1,20,000 |
| 18.01.21 | ഹഡ്കോ | 40,000 |
| 24.03.21 | ജില്ലാപഞ്ചായത്ത് | 1,00,000 |
| 25.01.22 | ഹഡ്കോ | 40,000 |
| 13.10.22 | വികസനഫണ്ട് | 60,000 |
| | ആകെ | 4,00,000 |

മേൽപ്പറഞ്ഞ തുക കൂടാതെ ബിൽ നമ്പർ-14/48/20.01.22 പ്രകാരം പിൻവലിച്ച 6000 രൂപ കൂടി ഗുണഭോക്താവിന് നൽകിയിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി നം 2/21-22/27.10.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ അവസാനഗഡു നൽകുന്നതിന് മുൻപ് നിർവഹണോദ്യോഗസ്ഥൻ സ്ഥലം മാറ്റം ലഭിച്ചതിനാലാണ് കുറവ് വരുത്താത്തത് എന്നാണറിയിച്ചത്. തുടർന്ന് അവസാനഗഡു നൽകിയ ഉദ്യോഗസ്ഥൻ തുക കുറവ് വരുത്താതെ നൽകുകയാണുണ്ടായത്. 6000 രൂപ നൽകിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവനനിർമ്മാണം- വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് മിഷൻ ഭവനനിർമ്മാണപദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണം ആരംഭിച്ച ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു.

1.ജനറൽ

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക/തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആരിഫ മുനീർ | 40000-31.07.2018 | ബേസ്മെന്റ് |
| 2 | ഫാത്തിമ മമ്മി | 40000-31.10.18 | ബേസ്മെന്റ് |
| 3 | സാജിത നൗഷാദ് | 40000-18.03.19 | ബേസ്മെന്റ് |
| 4 | ജമീലമുഹമ്മദ് | 40000-31.07.18<br>160000-11.02.19<br>40000-25.07.19<br>40000-18.12.19 | ലിന്റൽ |
| 5 | നബീസ അബ്ദുൾ റസാഖ് | 40000-31.07.18<br>160000-11.02.19<br>100000-18.03.19 | ലിന്റൽ |
| 6 | നബീസ കുഞ്ഞിമുഹമ്മദ് | 40000-18.03.19<br>160000-22.08.19 | ലിന്റൽ |

| | | | |
|---|---|---|---|
| | | 100000-01.07.20 | |
| 7 | സൈനബ പള്ളിവയൽ | 40000-4.03.20<br>40000-17.03.20<br>160000-21.07.20<br>100000-17.02.21 | ലിന്റൽ |

2.പട്ടികജാതി

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക/തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സരോജ നാരായണൻ | 40000-05.01.19<br>160000-25.03.19<br>100000-03.07.19 | ലിന്റൽ |

ഓഡിറ്റ് എൻക്വയറി നം 5/21-22/29.10.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടി.ഡി.എസ്.പിടിച്ചത് സർക്കാരിലേക്ക് അടച്ചിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ പ്രവൃത്തികളിൽനിന്ന് രണ്ട ശതമാനം, ജി.എസ്.ടി (ടി.ഡി.എസ്.) പിടിച്ചത് നാളിതുവരെയും സർക്കാരിലേക്ക് അടച്ചിട്ടില്ല. 02.02.20 മുതൽ 27.09.21 വരെയുള്ള മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും ഈടാക്കിയ 259730 രൂപ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചതായാണ് കാണുന്നത്. ഈ തുക അടക്കാത്തതുകൊണ്ട് തന്നെ ഈ കരാറുകാർ റിട്ടേൺ ഫയൽ ചെയ്യിരിക്കാനും സാധ്യതയില്ല. കരാറുകാർ റിട്ടേൺ ഫയൽ ചെയ്ത വിവരങ്ങളും തുക അടക്കാത്തതിന്റെ വിശദീകരണവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 10 തീയതി 01.11.2022 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- E Tender ഫോറം വില അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി ഇ-ടെണ്ടർ നടപടികളിലൂടെ മെറ്റീരിയൽസ് വാങ്ങിയിട്ടുണ്ടെങ്കിലും ഇ-ടെണ്ടർ ഫോറം വിലയും ഇ.എം.ഡി.യും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

| ക്രമനമ്പർ | വർഷം | കരാറുകാർ | ടെണ്ടർ തീയതി | അടങ്കൽ | ടെണ്ടർ ഫോറം വില | ഇ.എം.ഡി |
|---|---|---|---|---|---|---|
| 1 | 2019-20 | കെ.പി.ചന്ദ്രൻ | 19.12.19 | 9938722 | 1130 | 248500 |
| 2 | | കെ.ഗംഗാധരൻ | 19.12.19 | | 1130 | 248500 |
| 3 | 2020-21 | ഷിഹാബ് .കെ.കെ | 15.09.20 | 11278400 | 28000 | 112784 |
| 4 | | ജോർജ്ജ്.പി.വി | 15.09.20 | | 28000 | 112784 |
| 5 | | സൈതലവി.വി.പി | 15.09.20 | | 28000 | 112784 |
| 6 | 2022-23 | കെ.ഗംഗാധരൻ | 9.06.22 | 11848900 | 5000 | 118489 |
| 7 | | ഷിഹാബ് .കെ.കെ | 9.06.22 | | 5000 | 118489 |

തുക സംസ്ഥാന സർക്കാരിന്റെ പൊതു ട്രഷറി അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളത് എന്നാണ് അന്വേഷണത്തിൽ അറിഞ്ഞതായി ഓഡിറ്റിനെ അറിയിച്ചത്. ഓഡിറ്റ് എൻക്വയറി നം.20 തീയതി 03.11.2022 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. തുക പഞ്ചായത്ത്ഫണ്ടിൽ വരവ് വെച്ച് അറിയിക്കേണ്ടതാണ്.

## 1-19 ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നില്ല.

പൊഴുതന ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനാപ്രവർത്തനങ്ങൾക്കുവേണ്ടി തൻവർഷം താഴെപ്പറയുന്ന പ്രോജക്ടിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നതായി കാണുന്നില്ല.

പ്രോജക്ട് നമ്പർ-161/22

പ്രോജക്ട്-ഹരിത കർമ്മസേനാ തുടർ പ്രവർത്തനങ്ങൾ

നിർവഹണം-വി.ഇ.ഒ

ചെലവഴിച്ച തുക- 227499

ഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്

ഈ പ്രോജക്ടിൽ ടെണ്ടർപ്രകാരം ഹരിതകർമ്മസേനാ തുടർ പ്രവർത്തനങ്ങൾക്കുവേണ്ടി 227499 രൂപക്ക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

സാധനങ്ങൾ ഹരിതകർമ്മസേനക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങളോ , ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും സാധനങ്ങൾ കൈമാറിയത് സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 17/21-22/02.11.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല.ഓഡിറ്റിന് ഹാജരാക്കിയ മിനുട്സ് പരിശോധിച്ചതിൽ നിലവിൽ ഹരിതകർമ്മസേന പ്രവർത്തനം നിലച്ചതായാണ് കാണുന്നത്.ഹരിതകർമ്മസേനയുടെ മുൻഭാരവാഹികൾ,ചാർജ്ജ് ഓഫീസർ എന്നിവരോട് അന്വേഷിച്ചതിൽ മാലിന്യനിർമ്മാർജ്ജനത്തിനോ, മാലിന്യശേഖരണത്തിനോ,ഫീസ് കളക്ട് ചെയ്യുന്നതിനോ യാതൊരു പ്രവർത്തനങ്ങളും നിലവിൽ നടക്കുന്നില്ല എന്നാണ് അറിയിച്ചത്. ഹരിതകർമ്മസേന പ്രവർത്തന സജ്ജമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യസംസ്കരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ധനസ്ഥിതി പരിഗണിക്കാതെ എടുത്ത വായ്പ ബാദ്ധ്യതയായി മാറുന്നു

തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ് 5-11-2014 ൽ പുറത്തിറക്കിയ 65332/ഡി.ബി.1/14/തസ്വഭവ നമ്പർപ്രകാരമുള്ള ഉത്തരവിൽ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 4-9-2014 തിയ്യതിയിലെ 93/14(5)ാം നമ്പർ തീരുമാനപ്രകാരമുള്ള അപേക്ഷയിന്മേൽ സമ്പൂർണ്ണഭവനപദ്ധതിക്കായി വൈത്തിരി സർവ്വീസ് സഹകരണബാങ്കിൽ നിന്ന് 30000000/-(മൂന്ന്കോടി രൂപമാത്രം)വായ്പയെടുത്ത് ഭവനപദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി നല്കി.(ലോൺ നമ്പർ 001017000001,തിരിച്ചടവ് 120 മാസം 2-7-2025)

വായ്പതിരിച്ചടവുമായി ബന്ധപ്പെട്ട് 11-3-2013 തിയ്യതിയിലെ സ.ഉ.(എം.എസ്)നം.83/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വായ്പാത്തുകയും പലിശയും തദ്ദേശസ്വയംഭരണസ്ഥാപനം വായ്പ എടുക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ കരാർ പ്രകാരം(2-7-2015) തിരിച്ചടക്കേണ്ടതാണ്.വായ്പാത്തുക വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതാണെന്നും,തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസനഫണ്ടിന്റെ 15 ശതമാനം കവിയാൻ പാടില്ലാത്തതാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു.ഓഡിറ്റ് വർഷം പ്രോജക്ട് നമ്പർ 4/2021-2022 പ്രകാരം പൊതുവിഭാഗം ഫണ്ടിൽ നിന്നും 1500000/-(ബിൽനമ്പർ 8/21-6-2021) വൈത്തിരി സർവ്വീസ് സഹകരണബാങ്കിന്റെ 130291001420001 അക്കൗണ്ട് നമ്പരിലേക്ക് കൈമാറി. എന്നാൽ ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ സർക്കാർ ഉത്തരവിലെ നിബന്ധനയക്ക് വിരുദ്ധമായി തനതുഫണ്ടിൽ നിന്ന് പലിശ അടക്കാതിരുന്നതിനാൽ മുതൽ തുകയിലേക്ക് ഓഡിറ്റ് വർഷം പ്രോജക്ട് വച്ച് അടച്ച 1500000/-രൂപയിൽ നിന്ന് വൈത്തിരി സർവ്വീസ് സഹകരണബാങ്ക് 728181/-രൂപ പലിശയിലേക്കും,771819രൂപ മുതലിലേക്കും ക്രമപ്പെടുത്തി. ലോൺരജിസ്റ്ററും, ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ താരതമ്യപരിശോധന നടത്തിപ്പോൾ പഞ്ചായത്ത് ഇപ്പോൾ എത്തിനിൽക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ വിവരം ലഭിക്കുകയുണ്ടായി. ആയതുപ്രകാരം 2-7-2015 മുതൽ 24-8-2021 വരെയുള്ള കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ 11456321/- (ഒരു കോടി പതിനാല് ലക്ഷത്തി അൻപത്താറായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) മുതൽ ഇനത്തിലും പലിശയിനത്തിൽ 9063642/-(തൊണ്ണൂറുലക്ഷത്തി അറുപത്തിമൂവായിരത്തിഅറുന്നൂറ്റിനാല്പത്തിരണ്ട് രൂപ മാത്രം)രൂപയും മുതൽ ബാക്കിയായി 12043769/-(ഒരു കോടി ഇരുപത് ലക്ഷത്തി നാല്പത്തിമൂവായിരത്തി എഴുനൂറ്റി അറുപത്തിഒൻപത്) രൂപയും കാണുന്നു. അതായത് 2025 വർഷത്തിൽ മുതലും പലിശയും അടച്ച് ബാദ്ധ്യതയിൽ നിന്ന് ഒഴിവാകേണ്ട പഞ്ചായത്ത് നാളിതുവരെ അടച്ചത് വെറും 7956231/-(എഴുപത്തിഒൻപത് ലക്ഷത്തി അമ്പത്താറായിരത്തി ഇരുനൂറ്റിമുപ്പത്തിഒന്ന് രൂപ) മാത്രമാണ്.

ലോൺ രജിസ്റ്റർ പരിശോധനയിൽ 2-7-2015 ൽ തുടങ്ങിയ ലോൺ ക്രയവിക്രയത്തിൽ 22-3-2018 ലാണ് പ്രോജക്ട് നമ്പർ 284/15-16 പ്രകാരം 60000/-രൂപ പലിശ ഇനത്തിൽ അടച്ചത് .എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 880684/-രൂപയാണ് പലിശ ഇനത്തിൽ അടക്കാനുള്ളത്-(വ്യത്യാസം 280684/- രൂപ).

* 2016-17 സാമ്പത്തിക വർഷത്തിൽ ലോൺ ഇനത്തിൽ പഞ്ചായത്ത് 27-2-2017 ൽ 1500000/- രൂപ ലോൺ

എടുക്കുകയും മുതലിലേക്കായി പ്രോജക്റ്റ് നമ്പർ 80/16-17 പ്രകാരം 2009259/-രൂപയും,1705809/-രൂപയും മുതലിലേക്കും ,പ്രോജക്റ്റ് നമ്പർ 81/16-17 പ്രകാരം 600000/- രൂപ തനതുഫണ്ടിൽ നിന്ന് പ്രോജക്റ്റ് വച്ച് അടച്ചു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2463752/- രൂപ അടക്കാനുണ്ട്.നാളിതുവരെ പലിശഇനത്തിൽ അടച്ച 1200000/- രൂപ കഴിഞ്ഞ് 1263752/- രൂപ പലിശ ഇനത്തിൽ അടക്കാൻ ബാക്കി നില്ക്കുന്നു.

* 2017-18 സാമ്പത്തിക വർഷത്തിൽ ലോൺ ഇനത്തിൽ പഞ്ചായത്ത് 15-7-2017 ൽ 2000000/- രൂപ ലോൺ എടുക്കുകയും മുതലിലേക്കായി പ്രോജക്റ്റ് നമ്പർ 02/17-18 പ്രകാരം 2000000/-രൂപയും,

26535/-രൂപയും,468616 രൂപ മുതലിലേക്കും ,പ്രോജക്റ്റ് നമ്പർ 95/17-18 പ്രകാരം 600000/- രൂപയും,പ്രോജക്റ്റ് നമ്പർ 210/17-18 പ്രകാരം 1000000/- രൂപയും, തനതുഫണ്ടിൽ നിന്ന് പ്രോജക്റ്റ് വച്ച് അടച്ചു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 4688882/- രൂപ അടക്കാനുണ്ട്.നാളിതുവരെ പലിശഇനത്തിൽ അടച്ച 2800000/- രൂപ കഴിഞ്ഞ് 1888882/- രൂപ പലിശ ഇനത്തിൽ അടക്കാൻ ബാക്കി നില്ക്കുന്നു.

* 2018-19 സാമ്പത്തിക വർഷത്തിൽ ലോൺ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും എടുത്തിട്ടില്ല. മുതലിലേക്കായി പ്രോജക്റ്റ് നമ്പർ 02/19-20 പ്രകാരം 2638206/-രൂപയും,പ്രോജക്റ്റ് നമ്പർ 12/19 പ്രകാരം 653298/- രൂപയും, പ്രോജക്റ്റ് വച്ച് അടച്ചു.ആയത് തനത് ഫണ്ടിൽ നിന്നാണോ അടച്ചതെന്നുള്ള വിവരങ്ങൾ ഇല്ല. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 4927221/- രൂപ അടക്കാനുണ്ട്.നാളിതുവരെ പലിശഇനത്തിൽ അടച്ച 3453298/- രൂപ കഴിഞ്ഞ് 1473923/- രൂപ പലിശ ഇനത്തിൽ അടക്കാൻ ബാക്കി നില്ക്കുന്നു.

* 2019-20 സാമ്പത്തിക വർഷത്തിൽ ലോൺ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും എടുത്തിട്ടില്ല. മുതലിലേക്കായി പ്രോജക്റ്റ് നമ്പർ 02/19-20 പ്രകാരം 2638206/-രൂപയും, പ്രോജക്റ്റ് നമ്പർ 12/19 പ്രകാരം 500000/- രൂപയും, പ്രോജക്റ്റ് വച്ച് അടച്ചു.30-4-2019 ,31-5-2019 തിയ്യതികളിൽ യഥാക്രമം 108565രൂപ,665000രൂപ വി ഇ ഒ തിരിച്ചടച്ചതായി കാണുന്നു.വിവരങ്ങൾ രജിസ്ററിൽ ലഭ്യമല്ല.18-8-2019 ൽ പലിശ ഇനത്തിൽ 636139/- രൂപ അടച്ചത് തനത് ഫണ്ടിൽ നിന്നാണോ അടച്ചതെന്നുള്ള വിവരങ്ങൾ ഇല്ല. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 6836925/- രൂപ അടക്കാനുണ്ട്.നാളിതുവരെ പലിശഇനത്തിൽ അടച്ച 4089437/- രൂപ കഴിഞ്ഞ് 2747488/- രൂപ പലിശ ഇനത്തിൽ അടക്കാൻ ബാക്കി നില്ക്കുന്നു.

* 2020-21 സാമ്പത്തിക വർഷത്തിൽ ലോൺ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും എടുത്തിട്ടില്ല. മുതലിലേക്കായി പ്രോജക്റ്റ് നമ്പർ 120/21 പ്രകാരം 500000/-രൂപയും, 31-3-2019 ൽ പലിശ ഇനത്തിൽ 998536/- രൂപ അടച്ചത് തനത് ഫണ്ടിൽ നിന്നാണോ എന്നുള്ള വിവരങ്ങൾ ഇല്ല. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 6836925/- രൂപ അടക്കാനുണ്ട്. നാളിതുവരെ പലിശഇനത്തിൽ അടച്ച 5087973/- രൂപ കഴിഞ്ഞ് 1738952/- രൂപ പലിശ ഇനത്തിൽ അടക്കാൻ ബാക്കി നില്ക്കുന്നു.

* 2020-21 സാമ്പത്തിക വർഷത്തിൽ ലോൺ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും എടുത്തിട്ടില്ല. മുതലിലേക്കായി പ്രോജക്റ്റ് നമ്പർ 4/22 പ്രകാരം 1500000/-രൂപ അടച്ചെങ്കിലും പലിശ ഇനത്തിൽ തുക അടച്ചിട്ടില്ല. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 9063642/- രൂപ അടക്കാനുണ്ട്.നാളിതുവരെ പലിശഇനത്തിൽ അടച്ച 5087973/- രൂപ കഴിഞ്ഞ് 3975669/- രൂപ പലിശ ഇനത്തിൽ അടക്കാൻ ബാക്കി നില്ക്കുന്നു.ഇതിൽ പ്രോജക്റ്റ് വച്ച് അടച്ച 1500000/- രൂപയിൽ നിന്ന് ബാങ്ക് പലിശയിലേക്കാണ് 728181രൂപ ചേർത്തത്.ഇത് തനത്ഫണ്ടിൽ നിന്ന് പലിശ കൃത്യമായി അടക്കാതിരുന്നതിന് ബാങ്ക് സ്വീകരിച്ച നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.ലോൺ രജിസ്റ്റർ പ്രകാരം ബാങ്ക്സ്റ്റേറ്റ്മെന്റും പഞ്ചായത്തിന്റെ കണക്കും തമ്മിലുള്ള വ്യത്യാസം 3975669/- രൂപ. ഈ വ്യത്യാസങ്ങൾ കണക്കുകളിൽ ഉണ്ടായിട്ടും പഞ്ചായത്ത് കണക്കുകളിലെ വൈരുദ്ധ്യങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ വരുത്തിയില്ല. ഭരണസമിതി ഒരു തവണപോലും യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടില്ല.കരാർ കാലാവധി അവസാനിക്കാൻ 35 മാസം മാത്രം ബാക്കിനില്ക്കേ മുതൽ കുടിശ്ശിക 12043679/-രൂപയാണ്. ഈ അവസ്ഥ മറികടക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന വിവരങ്ങൾ ലഭ്യമല്ല. 2015-16 മുതൽ 2021-2022 വരെയുള്ള കാലയളവിലെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ തനതുഫണ്ടിനത്തിൽ ആകെ ചെലവഴിക്കപ്പെട്ട തുക 10267771/- രൂപയാണ്. ഇതിൽ പലിശ അടവായ 4451834/- രൂപ കഴിച്ച് 5815937 രൂപയാണ് മറ്റു പ്രോജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടത്. മുതൽ ഇനത്തിൽ നാളിതുവരെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 8710219 രൂപ മാത്രമാണ് അടച്ചത്. സ്റ്റേറ്റ്മെന്റ് പരിശോധനയിൽ പ്ലാൻ ഫണ്ടിൽ നിന്ന് പ്രോജക്റ്റ് വച്ച് വാങ്ങാവുന്ന ഇനങ്ങളായ വാഹനം,ജനറേറ്റർ,ഹരിതകർമ്മ സേനക്ക് പാത്രങ്ങൾ വാങ്ങൽ എന്നിവക്കായി യഥാക്രമം 861102/-,601900 /-,249077/-രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഇതുപോലെ പല പ്രോജക്ടുകൾക്കും പ്ലാൻഫണ്ടിൽ നിന്ന് ചെലവ് ചെയ്യുവാൻ സാധിക്കുമായിരുന്നതിന് തനതു ഫണ്ട് വകയിരുത്തി ചെലവഴിച്ചതിനാലാണ് ഇത്തരത്തിൽ പഞ്ചായത്ത് സാമ്പത്തികപ്രതിസന്ധിയിൽ അകപ്പെട്ടതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ആയത് സൂചിപ്പിച്ച് നല്കിയ 15ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഊരംകുന്ന്,വയനാംകുന്ന് കുടിവെള്ളപദ്ധതിക്കായി തുക നല്കിയത്-നിലവിലെ സ്ഥിതി വ്യക്തമല്ല

പ്രോജക്റ്റ് നമ്പർ-232/21-22

പ്രോജക്റ്റ്-ഊരംകുന്ന്,വയനാംകുന്ന് കുടിവെള്ളപദ്ധതി-ഡെപ്പോസിറ്റ് ബാലൻസ് തുക അടവാക്കൽ

അടങ്കൽ-1046400/-

ചെലവ്-1046400/- Sanction Order Number 212/10-3-2022

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

ഓഡിറ്റ് വർഷം മേൽ പദ്ധതികൾക്കായി 1046400/-രൂപ കേരളവാട്ടർ അതോറിറ്റിക്ക് കൈമാറി (25-9-2021 തിയ്യതിയിലെ ഡി2-748/2004 നമ്പർ കത്ത്,അക്കൗണ്ട് നമ്പർ 67147030791). മുൻ സാമ്പത്തിക വർഷം മേൽ പദ്ധതികൾക്കായി 2736000/- രൂപ വാട്ടർ അതോറിറ്റിക്കായി കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ഇല്ല. വിവരങ്ങൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 15 ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-22 ജീവനം പദ്ധതി-വിശദമായ വിനിയോഗരേഖകൾ ലഭ്യമല്ല

പ്രോജക്റ്റ് നമ്പർ-13/21-22

പ്രോജക്റ്റ്-ജീവനം പദ്ധതി

അടങ്കൽ-200000/-

ചെലവ്-200000/- ബിൽ നമ്പർ 24/17-11-2021

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

ജീവനം പദ്ധതിക്കായി മേൽതുക ജില്ലാപഞ്ചായത്തിന് കൈമാറി. വയനാട് ജില്ലയിലെ വൃക്ക രോഗികൾക്കായുള്ള ഡയാലിസിസ് പ്രക്രിയയ്ക്ക് വേണ്ടിയാണ് തുക ജില്ലാ പഞ്ചായത്തിന് കൈമാറിയത്. നമ്പർ ഡി.പി.ഡബ്ല്യു.15-1109/21 തി.23-4-2022 പ്രകാരം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രത്തിൽ വയനാട് ജില്ലാ പഞ്ചായത്തിൽ ജീവനം സംയുക്തപദ്ധതി ഇനത്തിൽ 2021-2022 സാമ്പത്തികവർഷം ലഭിച്ച തുകയായ 200000/- രൂപ വയനാട് ജില്ലയിലെ വൃക്കരോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്ന പദ്ധതിയായ ജീവനം പദ്ധതിക്കുവേണ്ടി വിനിയോഗിച്ചു എന്ന് മാത്രമാണുള്ളത്. രോഗികളുടെ എണ്ണം ,ചെലവ്,സ്ഥാപനം തുകയുടെ രശീതി എന്നിവ പരിശോധനക്കായി ഹാജരാക്കിയില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 15 ന് മറുപടി ലഭ്യമാക്കിയില്ല. തുക തടസ്സം ചെയ്യുന്നു.

## 1-23 വിവിധ ഏജൻസികൾക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന വിവിധ ഏജൻസികൾക്ക് തുക കൈമാറിയെങ്കിലും ആയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിവരങ്ങൾ | തുക | ബിൽനം/തിയ്യതി | അപാകത |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ-5/21-22<br>പ്രോജക്റ്റ്-എസ്.എസ്.എ.വിഹിതം-എസ്.സി.പി<br>അടങ്കൽ-400000/-<br>ചെലവ്-400000/- | 4,00,000/- | 15/10-9-21 | വിനിയോഗവിവരം ലഭ്യമല്ല |

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ-3/21-22<br>പ്രോജക്റ്റ്-എസ്.എസ്.എ.വിഹിതം-<br>പൊതുവിഭാഗം<br>അടങ്കൽ-144138/-<br>ചെലവ്-144138/- | 1,44,138/- | 25/17-11-2021 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്റ്റ് നമ്പർ-2/21-22<br>പ്രോജക്റ്റ്-ഐ.കെ.എം വിഹിതം-<br>പൊതുവിഭാഗം<br>അടങ്കൽ-100000/-<br>ചെലവ്-100000/- | 1,00,000/- | 10/2-8-2021 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്റ്റ് നമ്പർ-6/21-22<br>പ്രോജക്റ്റ്-എസ്.എസ്.എ.വിഹിതം-<br>ടി.എസ്.പി<br>അടങ്കൽ-300000/-<br>ചെലവ്-300000/- | 3,00,000/- | 16/10-9-21 | വിനിയോഗവിവരം ലഭ്യമല്ല |
| ആകെ | 9,44,138 | | |

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 15 ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-24 സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആർജ്ജിതാവധി കൈപ്പറ്റി

സർക്കാരിന്റെ സാമ്പത്തികപ്രതിസന്ധി നിമിത്തം ആർജ്ജിതാവധി തടഞ്ഞുവെച്ച 5-11-2020 ലെ ജി.ഒ.(പി) നം.152/2020/ഫിൻ പ്രകാരമുള്ള ഉത്തരവിൽ സർക്കാർ ജീവനക്കാർക്കുള്ള ആർജ്ജിതാവധി 31-5-2021 വരെ തടഞ്ഞുവച്ചിരുന്നു.അതിനെ തുടർന്ന് 26-7-2021 തിയ്യതിയിലെ ജി.ഒ.(പി)നം 104/2021/ഫിൻ പ്രകാരമുള്ള ഉത്തരവിൽ ആർജ്ജിതാവധി പണമാക്കുന്നത് ആറുമാസത്തേക്കു കൂടി നീട്ടിവയ്ക്കുകയും ആയതിന് 1-6-2021 മുതൽ പ്രാബല്യം നല്കുകയും ചെയ്തു.എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ഓഡിറ്റ് വർഷം സെക്രട്ടറി ഒഴികെയുള്ള താഴെപ്പറയുന്ന ജീവനക്കാർ തങ്ങളുടെ ക്രെഡിറ്റിലുള്ള 30 ദിവസത്തെ ആർജ്ജിതാവധി 01.06.2021 പ്രാബല്യത്തിൽ പണമാക്കി മാറ്റിയിട്ടുണ്ട് വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്/ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ/തിയ്യതി |
|---|---|---|
| ഹനീഫ ചിറ്റക്കുൽ-അസി.സെക്രട്ടറി | 69542 | 22100143/2-6-2021 |
| രാധാകൃഷ്ണപിള്ള-ജൂനിയർ സൂപ്രണ്ട് | 74648 | |
| സുഭാഷ് ചന്ദ്രൻ -അക്കൗണ്ടന്റ് | 52337 | |

| | | |
|---|---|---|
| ഷിജിത്ത്-സീനിയർ ക്ലർക്ക് | 57554 | |
| അലി.കെ.എച്ച്. സീനിയർ ക്ലർക്ക് | 42963 | |
| ജംഷീല.എം | 42963 | |
| മുഹമ്മദ് അഷ്റഫ്-ക്ലർക്ക് | 58886 | |
| സുരേഷ് കുമാർ.സി-ക്ലർക്ക് | 49895 | |
| അനീഷ് കുമാർ എ.എസ്-ക്ലർക്ക് | 37968 | |
| അബ്ദുൾ ഗഫൂർ - ഡ്രൈവർ ഗ്രേഡ്-1 | 34083 | |
| ഷാജുരാജ്-ക്ലർക്ക് | 30754 | |
| നന്ദകുമാർ-ഓഫീസ് അറ്റൻഡന്റ് | 41964 | |
| സാജൻ പ്രാറ്റ്-ഓഫീസ് അറ്റൻഡന്റ് | 33215 | |
| ആകെ | 626772 | |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആർജ്ജിതാവധി പണമായി നല്കിയതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 14 ന് മറുപടി ലഭ്യമാക്കിയില്ല. അനർഹമായി കൈപ്പറ്റിയ ആർജ്ജിതാവധി ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-25 പ്രസിഡന്റിന് താമസസ്ഥലത്തുനിന്നും പഞ്ചായത്തിലേക്ക് വരുന്നതിന് വാടക നല്കിയത് അനുവദനീയമല്ല

ഓഡിറ്റ് വർഷം താഴെപ്പറയുന്ന തിയ്യതികളിൽ പ്രസിഡന്റ് സ്വന്തം താമസസ്ഥലമായ സുഗന്ധഗിരിയിൽ നിന്നും പഞ്ചായത്തിലേക്ക് വരുവാൻ ഉപയോഗിച്ച KL-12-3906 നമ്പർ ജീപ്പിന് വാഹനവാടക ഇനത്തിൽ താഴെപ്പറയുന്ന തിയ്യതികളിൽ തുക അനുവദിച്ചിട്ടുണ്ട്. പ്രസിഡന്റിന് സ്വന്തം താമസ സ്ഥലത്തുനിന്ന് ഔദ്യോഗിക സ്ഥലമായ പഞ്ചായത്തിലേക്ക് വരാൻ ഇത്തരത്തിൽ തുക നൽകാമെന്നുള്ള ഉത്തരവുകൾ നിലവിലില്ല.

| തിയ്യതി | കൈപ്പറ്റിയ തുക |
|---|---|
| 23-3-2021 | 1000/- |
| 24-3-2021 | 1300/- |
| 25-3-2021 | 1500/- |
| 26-3-2021 | 1000/- |
| 30-3-2021 | 1800/- |
| 31-3-2021 | 500/- |

| | |
|---|---|
| ആകെ | 7100/- |

ഇത്തരത്തിൽ തുക അനുവദിക്കാനിടയായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26 ന് മറുപടി ലഭ്യമാക്കിയില്ല. തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-26 വനിതകൾക്ക് ആട്ടുവിതരണം-പദ്ധതി ഫലപ്രദമായി നിരീക്ഷിക്കപ്പെടുന്നില്ല

പ്രോജക്ട് നമ്പർ-75/21-22

പ്രോജക്ട്-വനിതകൾക്ക് ആട്ടുവിതരണം

അടങ്കൽ-200000/-

ചെലവ്-190000/- ബിൽ നമ്പർ 4/31-1-2022=40000/-

ബിൽ നമ്പർ 9/10-2-2022=40000/-

ബിൽ നമ്പർ 8/31-1-2022=70000/-

ബിൽ നമ്പർ 13/7-3-2022=40000/-

----------

190000/-

നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ടിന്റെ ലക്ഷ്യമായി കാണിച്ചത് 8 മാസമെങ്കിലും പ്രായമായ 12 കിലോഗ്രാമിൽ കൂടുതൽ ശരീരഭാരമുള്ള 2 പെണ്ണാടുകളെ പർച്ചേസ് കമ്മിറ്റി മുഖാന്തിരം ഗുണഭോക്താവ് 20,000/- രൂപ മുടക്കി നേരിട്ട് വാങ്ങുന്നു. ഇതിലേക്ക് 10,000/-രൂപ സബ്സിഡിയായി നല്കുന്നു. അത്തരത്തിൽ 19 ഗുണഭോക്താക്കൾക്ക് 19 ആടിനെവാങ്ങി നല്കുക മാത്രം ചെയ്യുക എന്ന പ്രവർത്തിയിലേക്ക് പദ്ധതി ചുരുങ്ങി. ഇത്തരത്തിലുള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് നല്കിയ ആടിന്റെ പ്രജനന നിരക്ക് കണക്കാക്കി ഒരു ആടിന് പ്രത്യുൽപാദനം വഴി എത്ര കുഞ്ഞുങ്ങൾ ഉണ്ടാവും എന്ന് കണക്കാക്കി ആയതിനെ അടുത്ത സാമ്പത്തികവർഷം ഇത്തരം പ്രോജക്ട് നടപ്പാക്കുമ്പോൾ ഈ ഗുണഭോക്താക്കളിൽ നിന്ന് ആടിനെ വാങ്ങി സാമ്പത്തികലാഭം ഉറപ്പാക്കുന്ന പദ്ധതിയായി ആസൂത്രണം ചെയ്തിട്ടില്ല. കൂടാതെ പദ്ധതിയുടെ വിജയം വർക്കിങ്ങ് ഗ്രൂപ്പ് നിരീക്ഷിച്ചിട്ടില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 പട്ടികവർഗ്ഗവനിതകൾക്ക് പശുക്കളെ വിതരണം-പദ്ധതി ഫലപ്രദമായി നിരീക്ഷിക്കപ്പെടുന്നില്ല

പ്രോജക്റ്റ് നമ്പർ-69/21-22

പ്രോജക്റ്റ്- പട്ടിക വർഗ്ഗ വനിതകൾക്ക് പശുക്കളെ വിതരണം

അടങ്കൽ-12,00,000/- (ടി.എസ്.പി)

ചെലവ്-12,00,000/- ബിൽ നമ്പർ 12/16-2-2022=540000/-

ബിൽ നമ്പർ 14/14-3-2022= 4,20,000/-

ബിൽ നമ്പർ 15/23-3-2022= 2,40,000/-

--------------

ആകെ 12,00,000/-

നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ഓഡിറ്റ് വർഷം 20 പേർക്ക് പശുക്കളെ വാങ്ങുവാൻ വികസനഫണ്ടിൽ നിന്നും 12,00,000/-രൂപ മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖ.13 ൽ അതത് വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രോജക്റ്റ് മോണിട്ടറിങ്ങ് നിർവ്വഹിക്കേണ്ടതാണെന്നും വർക്കിങ്ങ് ഗ്രൂപ്പ് പ്രോജക്റ്റ് നിർവ്വഹണത്തിനു ശേഷം മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചത് പാലിച്ചില്ല.പ്രോജക്റ്റിന്റെ സ്ഥിരത,ഫലപ്രാപ്തി എന്നിവ വർക്കിങ്ങ് ഗ്രൂപ്പ് നിരീക്ഷിച്ച് തൊട്ടടുത്ത വർഷത്തെ പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായുള്ള അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കിയില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി-പദ്ധതിയിൽ നിന്ന് പുറത്തായവരിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കിയില്ല

പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതിയിൽ തുടർച്ചയായി മൂന്ന് മാസം കാലിത്തീറ്റ വാങ്ങാതിരുന്നാൽ ഗുണഭോക്താവ് പദ്ധതിയിൽ നിന്ന് പുറത്താകും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നൽകിയ കാലിത്തീറ്റയുടെ വിവരങ്ങൾ അടങ്ങിയ വ്യക്തിഗത നാൾ വഴി (Individual Ledger) പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുടർച്ചയായി 3 മാസം കാലിത്തീറ്റ വാങ്ങിയിട്ടില്ല.വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ്/നമ്പർ | കാലിത്തീറ്റ വാങ്ങാതിരുന്ന മാസങ്ങൾ | വാങ്ങിയ സബ്സിഡി/തിയ്യതി |
|---|---|---|
| സുബീഷ്/WYD/12200 | 30-6-2022<br>31-7-2022<br>30-8-2022 | 506.50/25-3-2022<br>506.50/25-4-2022<br>675.00/4-6-2022<br>------<br>1680 രൂപ |
| അലി/WYD/1225അ | 31-7-2022<br>31-8-2022<br>30-9-2022 | 506.50/25-3-2022<br>675.00/25-6-2022<br>-------<br>1181.50 രൂപ |

മേൽ ഗുണഭോക്താക്കളിൽ നിന്നും നാളിതുവരെ സബ്സിഡി തുക തിരിച്ചുപിടിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്ന അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.തുക ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-29 അത്തിമല കോളനി കുടിവെള്ള പദ്ധതി - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-0091/22 അത്തിമല കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹3,00,000.00 (വികസന ഫണ്ട് ടി.എസ്.പി) |

| | |
|---|---|
| എസ്റ്റിമേറ്റ് | 2,67,833.00 |
| കരാറുകാരന്റെ പേര് | റഫമാസ്.കെ |
| കരാർ നമ്പർ | 67/22 തീ. 22.02.2022 |
| ചെലവ് | ₹1,66,865.00 (ബിൽ നം. 43/21-22/26.03.22) |
| എം ബുക്ക് നം. | 463/20-21(പേജ് നം. 1 മുതൽ 25 വരെ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ പദ്ധതിയിൽ, ടെണ്ടർ ലഭിച്ചിരിക്കുന്ന റഫമാസ്.കെ പ്രവൃത്തി എടുത്തിരിക്കുന്നത് 23.78% കുറവിന് ആണ്. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ടെണ്ടർ കുറവ് 18.02% മാത്രമേ പിടിച്ചിട്ടുള്ളു. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-30 അഞ്ചാം നമ്പർ കോളനി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-0229/22 അഞ്ചാം നമ്പർ കോളനി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | ₹3,93,000.00 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| എസ്റ്റിമേറ്റ് | 3,93,000.00 |
| കരാറുകാരന്റെ പേര് | മുബാഷിർ മുബാറക്ക് |
| കരാർ നമ്പർ | 71/22 തീ. 24.02.2022 |
| ചെലവ് | ₹3,92,876.00 (ബിൽ നം. 55/21-22/30.03.22) |
| എം ബുക്ക് നം. | 03/21-22(പേജ് നം. 1 മുതൽ 13 വരെ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ പദ്ധതിയിൽ, ടെണ്ടർ ലഭിച്ചിരിക്കുന്ന മുബാഷിർ മുബാറക്ക് പ്രവൃത്തി എടുത്തിരിക്കുന്നത് 15.5% കുറവിന് ആണ്. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ടെണ്ടർ കുറവ് പിടിച്ചിട്ടില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-31 കാട്ടേരിക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-0216/22 കാട്ടേരിക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | ₹1,00,000.00 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| എസ്റ്റിമേറ്റ് | 88,979.00 |
| കരാറുകാരന്റെ പേര് | കെ.ഗംഗാധരൻ |
| കരാർ നമ്പർ | 66/22 തീ. 18.02.2022 |
| ചെലവ് | ₹99,657.00 (ബിൽ നം. 31/21-22/19.03.22) |
| എം ബുക്ക് നം. | 493/21-22(പേജ് നം. 1 മുതൽ 10 വരെ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ പദ്ധതിയിൽ, ടെണ്ടർ ലഭിച്ചിരിക്കുന്ന കെ.ഗംഗാധരൻ എടുത്തിരിക്കുന്നത് 13.4% കുറവിന് ആണ്. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ടെണ്ടർ കുറവ് പിടിച്ചിട്ടില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-32 ഇടിയംവയൽ വായനശാല അറ്റകുറ്റപണി - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-0119/22 ഇടിയംവയൽ വായനശാല അറ്റകുറ്റപണി |
| അടങ്കൽ | ₹1,50,000.00 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എസ്റ്റിമേറ്റ് | 1,50,000.00 |

| | |
|---|---|
| കരാറുകാരന്റെ പേര് | ഷിഹാബ്.കെ.കെ |
| കരാർ നമ്പർ | 31/22 തീ. 20.11.2021 |
| ചെലവ് | ₹1,31,160.00 (വൗച്ചർ നം. XVFC/2021-22/P/31/31.03.22) |
| എം ബുക്ക് നം. | 474/20-21(പേജ് നം. 1 മുതൽ 18 വരെ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ പദ്ധതിയിൽ, എം.ബുക്ക് പേജ് നം. 14 പ്രകാരം, 78.6 സ്ക്വയർ മീറ്റർ പഴയ ഓട്ടുകൾ പൊളിച്ച് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. എം.ബുക്ക് പേജ് നം. 15 പ്രകാരം, 14.55 സ്ക്വയർ മീറ്റർ ഡിപ്പാർട്ട്മെന്റ് ഓട്ടുകൾ(പഴയ ഓട്ടുകൾ) ഉപയോഗിച്ച് മേഞ്ഞിട്ടുണ്ട്.

എം.ബുക്ക് പേജ് നം. 12 പ്രകാരം, 34.82 സ്ക്വയർ മീറ്റർ പുതിയ ഓട്ടുകൾ ഉപയോഗിച്ച് മേഞ്ഞിട്ടുണ്ട്. 01/11/2022 -ന് ഇടിയംവയൽ വായനശാലയിൽ നടത്തിയ സ്ഥലപരിശോധനയിൽ, 78.6 സ്ക്വയർ മീറ്റർ പഴയ ഓട്ടുകൾ പൊളിച്ച് സ്റ്റോക്ക് ചെയ്തത് കണ്ടിട്ടില്ല. അതു മാത്രമല്ല, വായനശാലയുടെ മേൽക്കൂര മുഴുവനായും പഴയ ഓട്ടുകൾ ഉപയോഗിച്ച് മേഞ്ഞിരിക്കുന്നതായാണ് ബോധ്യപ്പെട്ടിരിക്കുന്നത്. പൊളിച്ച പഴയ ഓട്ടുകൾ ഉപയോഗിച്ച് മേഞ്ഞിരിക്കുന്നതിന് പുതിയ ഓട്ടുകൾ ഉപയോഗിച്ച് മേയുന്നതിനുള്ള തുക അനുവദിച്ചതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നൽകിയ തുക(₹) | നൽകേണ്ട തുക(₹) | കൂടുതൽ നൽകിയത്(₹ ) |
|---|---|---|
| 314.26 രൂപ ആണ് സ്ക്വയർ മീറ്റർ ആണ് എസ്റ്റിമേറ്റ് പ്രകാരം പുതിയ ഓട്ടുകൾ പാകുന്നതിനുള്ള നിരക്ക്.<br>എം.ബുക്ക് പ്രകാരം പുതിയ ഓട്ടുകൾ മേഞ്ഞത് - 34.80 സ്ക്വയർ മീറ്റർ<br>നൽകിയ തുക - 34.8 X 314.26 = 10943.00 | 113.88 രൂപ ആണ് സ്ക്വയർ മീറ്റർ ആണ് എസ്റ്റിമേറ്റ് പ്രകാരം ഡിപ്പാർട്ട്മെന്റ് ഓട്ടുകൾ പാകുന്നതിനുള്ള നിരക്ക്.<br>നൽകേണ്ട തുക - 34.8 X 113.88 = 3963.00 | 6,980.00 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/21-22/03.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, മേൽ പട്ടിക പ്രകാരം നഷ്ടം സംഭവിച്ച തുക ₹6,980.00 ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-33 ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് - തുക അധികം നൽകി

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 18/22 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത(പൊതു വിഭാഗം) | 12,52,475.00<br>(652475 - വികസനം ജനറൽ, 300000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം,<br>300000 - ജില്ല പഞ്ചായത്ത് വിഹിതം) | 652475.00 (ബിൽ നം.8/21-22 /21.02.21)<br>281762.00 (ബിൽ നം. 4/21-22/10.12.21)<br>300000.00 (ബിൽ നം. 5/21-22/10.12.21)<br>ആകെ 12,34,237.00 |

മേൽ പദ്ധതി പ്രകാരം, ശ്രീ.ജോബിൻ.കെ.ബി, കല്ലു പറമ്പിൽ എന്ന ഗുണഭോക്താവിന് 40,944.00 രൂപ നൽകിയിട്ടുണ്ട്. മെഡിക്കൽ സാക്ഷ്യപത്രപ്രകാരം 50% മെന്റൽ റിറ്റാർഡേഷൻ ആണ്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം [സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 7.1.6കാണുക] നൽകേണ്ട തുകയിലും അധികം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകേണ്ട തുക(₹) | നൽകിയ തുക(₹) | കഴിഞ്ഞ വർഷം നൽകാൻ ബാക്കിയുള്ള തുക(₹) | കഴിഞ്ഞ വർഷത്തെ ഉൾപ്പെടെ ആകെ നൽകേണ്ട തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|---|---|
| സ്കോളർഷിപ്പ് - 1000 X 12 = 12000<br>യാത്ര ബത്ത – 1000 X 12 = 12000.<br>വസ്ത്ര ബത്ത (വാർഷികം) - 1500.<br>വിദ്യാഭ്യാസ ബത്ത (വാർഷികം) - 2000.<br>ഉല്ലാസ യാത്ര (വാർഷികം) - 1000.<br>ആകെ - 28500/- | 40,944.00 | 5,056.00 | 33,556.00 | 7,388.00 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21-22/02.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.അതിനാൽ, മേൽ പട്ടിക പ്രകാരം നഷ്ടം സംഭവിച്ച തുക ₹ 7,388.00 ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-34 അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ട് വകമാറ്റി ചെലവഴിച്ചു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 16/22 | അനുപൂരക പോഷകാഹാരം (പൊതു വിഭാഗം) | 37,47,525.00<br>(3047525 - വികസനം ജനറൽ, 700000 - കേന്ദ്ര വിഹിതം) | 1580614.00<br>(ബിൽ നം. 1/30.06.21)<br>840469.00<br>(ബിൽ നം. 2/15.09.21)<br>607195.00<br>(ബിൽ നം. 10/17.02.22)<br>13811.00<br>(ബിൽ നം. 11/19.03.22)<br>365917.00<br>(ചെക്ക് നം. 315745/21.10.22)<br>ആകെ 34,08,006.00 |

സബ്സിഡി മാർഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 11/2018/തസ്വഭവ 29.01.2018 ഖണ്ഡിക 5.2.1(4)] വികസന ഫണ്ടിൽ നിന്നും നിർബന്ധമായിനീക്കിവെക്കേണ്ട ഇനമാണ് പോഷകാഹാര വിതരണത്തിനുള്ള വകയിരുത്തൽ (ബ്ലോക്ക് /ജില്ല പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താവുന്നതാണ്).വകയിരുത്തിയ വികസനഫണ്ടിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്ര വിഹിതത്തിൽ 7,00,000.00 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 3,65,917.00 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ, ഫണ്ട് ഇല്ലാത്തതിനാൽ ഒക്ടോബർ 2021 വരെയുള്ള ബില്ലുകൾ മാത്രമേ നൽകിയിട്ടുള്ളൂ. എന്നാൽ, വാർഷിക കണക്ക് പ്രകാരം പോഷകാഹാര വിതരണത്തിനുള്ള കേന്ദ്ര വിഹിതമായി വരവുള്ള തുക താഴെ പറയുന്നു.

| 2020-21 വർഷത്തെ B-4 പ്രകാരമുള്ള | 2021-22 വർഷത്തെ RP-30 | 2021-22 വർഷത്തെ B-4 പ്രകാരമുള്ള |
|---|---|---|

| മുൻബാക്കി(₹) | പ്രകാരമുള്ള വരവ്(₹) | നീക്കി ബാക്കി(₹) |
|---|---|---|
| 25,00,078.00 | 7,70,663.00 | 28,46,024.00 |

തനത് ഫണ്ട് അക്കൗണ്ടിലാണ്(നം.40229100107029, കെ.ജി.ബി) മേൽ തുകകൾ സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ, തനത് ഫണ്ട് അക്കൗണ്ടിൽ, ആകെ 21,25,675.00 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. മേൽ പട്ടിക പ്രകാരം, പോഷകാഹാരത്തിനുള്ള കേന്ദ്ര വിഹിതം മാത്രം 28,46,024.00 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ ഉണ്ടാവേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ തുകകളാണ് തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നത് എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2021-22 വർഷം 7,70,663.00 രൂപ ചെലവ് വന്നിട്ടുണ്ടെങ്കിലും ആകെ 3,65,917.00 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2021-22 വർഷം 4,04,746.00 രൂപ വരവിൽ ബാക്കി ഉണ്ടായിട്ടും നവംബർ 2021 മാസം മുതലുള്ള ബില്ലുകൾ നൽകിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിൽ ആകെ 34 അങ്കണവാടികൾ ഉള്ളതിൽ, 3 എണ്ണം വാടക കെട്ടിടത്തിലും 7 എണ്ണം എസ്റ്റേറ്റ് കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 4 അങ്കണവാടികൾ ഇതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/21-22/02.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-35 ക്വട്ടേഷൻ ഇല്ലാതെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നൽകി.

